## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4517** **18.05.2017-ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ യിലെ സ്വർണ്ണപ്പണയ വായ്പ

| | ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്വർണ്ണപ്പണയ വായ്പയിലൂടെ കെ.എസ്.എഫ്.ഇ ക്ക് ലഭിച്ച ലാഭം എത്രയാണ്; ഓരോ സാമ്പത്തിക വർഷത്തിലും ലാഭവും ഇടപാടുകളും കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ യഥാർത്ഥ കാരണം പരിശോധിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ; | (എ) | 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്വർണപ്പണയ വായ്പയിലൂടെ കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിച്ച ലാഭം എത്രയെന്ന് പ്രത്യേകം കണക്കാക്കുവാൻ സാധ്യമല്ല. എന്നാൽ പലിശയിനത്തിൽ ഈ വർഷങ്ങളിൽ യഥാക്രമം 149.16 കോടി രൂപ, 110.80 കോടി രൂപ , 100.16 കോടി രൂപ (ഓഡിറ്റ് ചെയ്യാത്തത്) എന്നീ തുകകൾ ആണ് ലഭിച്ചിട്ടുള്ളത്. സ്വർണ്ണത്തിന്റെ വിലയിൽ വന്ന മാറ്റം, പണയ വായ്പാത്തുക പണമായി നൽകുന്നതിനുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവയാണ് ഇടപാടുകൾ കുറയുന്നതിനുള്ള കാരണമായി കരുതുന്നത്. ഇടപാടുകളിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബാങ്കുകളെയും സഹകരണ സ്ഥാപനങ്ങളെയും പോലെ കൃഷിക്ക് സബ്സിഡി നിരക്കിൽ സ്വർണ്ണപ്പണയവായ്പ സർക്കാർ സഹായത്തോടുകൂടി കെ.എസ്.എഫ്.ഇ യിൽ നടപ്പിലാക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല |
| (സി) | പുതിയ സോഫ്റ്റ് വെയർ (സി.എ.എസ്.ബി.എ) നടപ്പിലാക്കിയതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. യിൽ സ്വർണ്ണപ്പണയ വായ്പയ്ക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പുതിയ സോഫ്റ്റ്-വെയർ (സി.എ.എസ്.ബി.എ) സ്ഥാപിക്കുന്നതി നോടനുബന്ധിച്ച മൈഗ്രേഷന്റെ സമയത്ത് തുടക്കത്തിൽ സ്വർണ്ണപ്പണയ വായ്പയ്ക്ക് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ അത്തരം കാലതാമസങ്ങൾ പൂർണ്ണമായും ഒഴിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.